# നക്ഷത്ര മരങ്ങൾ

ഗ്രെയ്സി മാത്യു, മെറീന മാർട്ടിൻ, വി. എൻ. പ്രസാദ്, റഷീദ. സി. എ.



2005

**കേരള കാർഷിക സർവ്വകലാശാല**

**സുഗന്ധതൈല മരുന്നുചെടി ഗവേഷണ കേന്ദ്രം**

**ഓടക്കാലി, അശമന്നൂർ. പി. ഒ., എറണാകുളം ജില്ല, കേരളം, ഇന്ത്യ, പിൻ കോഡ്-683 549**

ഫോൺ: (0484) 2658221 ഫാക്സ്: (0484) 2659881 ഇ-മെയിൽ: amprs@satyam.net.in, amprskau@gmail.com

# നക്ഷത്ര മരങ്ങൾ

| നക്ഷത്രം | മരങ്ങൾ | |
|---|---|---|
| | ശാസ്ത്ര നാമം | മലയാള നാമം |
| അശ്വതി | *സ്ട്രിക്നോസ് നക്സ്വോമിക്ക* | കാഞ്ഞിരം |
| ഭരണി | *എംബ്ളിക്ക ഒഫിഷ്യനാലിസ്* | നെല്ലി |
| കാർത്തിക | *ഫൈക്കസ് റെസിമോസ* | അത്തി |
| രോഹിണി | *സിസ്സിജിയം കുമിനി* | ഞാവൽ |
| മകയിരം | *അക്കേഷ്യ കറ്റേച്ചു* | കരിങ്ങാലി |
| തിരുവാതിര | *ഡയോസ്പൈറോസ് കാൻഡോളിയാന* | കരിമരം |
| പുണർതം | *ബാംബൂസ അരുൻഡിനേസിയേ* | മുള |
| പൂയം | *ഫൈക്കസ് റെലീജിയോസ* | അരയാൽ |
| ആയില്യം | *മെസുവ ഫെറിയ* | നാകം |
| മകം | *ഫൈക്കസ് ബംഗാളെൻസിസ്* | പേരാൽ |
| പൂരം | *ബ്യൂട്ടിയ മോണോസ്പേർമ* | പ്ലാശ് |
| ഉത്രം | *ഫൈക്കസ് മൈക്രോകാർപ്പ* | ഇത്തി |
| അത്തം | *സ്പോഡിയാസ് പിന്നേറ്റ* | അമ്പഴം |
| ചിത്തിര | *ഇഗിൾ മാർമലോസ്* | കൂവളം |
| ചോതി | *ടെർമിനാലിയ അർജ്ജുന* | നീർ മരുത് |
| വിശാഖം | *ഫ്ളക്കോർഷ്യ ഗംഗോമാസ്* | വയ്യങ്കത |
| അനിഴം | *മൈമുസോപ്സ് ഇലഞ്ഞി* | ഇലഞ്ഞി |
| തൃക്കേട്ട | *സ്കേപ്പ ലിൻഡേലിയാനാ* | വെട്ടി |
| മൂലം | *വറ്റേരിയാ ഇൻഡിക* | വെള്ളപ്പൈൻ |
| പൂരാടം | *സാലിസ്സ് ടെട്രസ്പേർമ* | വഞ്ചി |
| ഉത്രാടം | *ആർട്ടോകാർപ്പസ് ഹെട്രോഫിലസ്* | പ്ലാവ് |
| തിരുവോണം | *കാലോട്രോപ്പിസ് ജൈജാന്റിക്ക* | എരുക്ക് |
| അവിട്ടം | *പ്രോസോപ്പിസ് സിനറേറിയ* | വഹ്നി |
| ചതയം | *നിയോലമരിക കടമ്പ* | കടമ്പ് |
| പൂരുരുട്ടാതി | *മാഗ്നിഫെറ ഇൻഡിക* | തേന്മാവ് |
| ഉത്രട്ടാതി | *കാരിയോട്ടാ യുറിനസ്* | കരിമ്പന |
| രേവതി | *മധുക ലോൻജിഫോളിയ* | ഇലുപ്പ |

## കാഞ്ഞിരം

ശാസ്ത്രനാമം: *സ്ട്രിക്നോസ് നക്സ്വോമിക്ക*

കുടുംബം : ലൊഗാനിയേസിയേ

**പ്രാധാന്യം:** എല്ലാത്തരം ചികിൽസാ സമ്പ്രദായങ്ങളിലും ഒരു പോലെ ഉപയോഗിക്കുന്ന ഒരു ഔഷധസസ്യമാണ് കാഞ്ഞിരം. ആയുർവേദത്തിൽ ആമവാതഹരൗഷധമായാണ് കാഞ്ഞിരം അറിയപ്പെടുന്നത്. ഏതാണ്ട് 18 മീറ്റർ വരെ ഉയരത്തിൽ വളരുന്ന ഒരു വൃക്ഷമാണിത്. കാഞ്ഞിരത്തിന്റെ എല്ലാ ഭാഗത്തിനും കയ്പ്പുണ്ട്. തടി മുറിച്ചാൽ വെള്ള നിറമായിരിക്കും അൽപം കഴിഞ്ഞാൽ മഞ്ഞനിറമാകും. ഹൃദയം, ശ്വാസകോശം മുതലായവയുടെ പ്രവർത്തനത്തിനും കഫ–വാത രോഗങ്ങൾക്കും കാഞ്ഞിരം ചെറിയ അളവിൽ നല്ലതാണ്. എന്നാൽ അധികമായാൽ ഹൃദയത്തിന്റെ സങ്കോചവികാസവും രക്തസമ്മർദ്ദവും വർദ്ധിച്ച് മരണകാരണമാകുന്നു.സന്ധികളിലും ശരീരത്തിലുമുള്ള നീർക്കെട്ടിനും ഓർമ്മശക്തിക്കും ബുദ്ധിശക്തിക്കും ചെറിയ അളവിൽ കാഞ്ഞിരം ഉപയോഗിക്കുന്നത് നല്ലതാണ്. കാഞ്ഞിരത്തിന്റെ കുരു ഉപയോഗിക്കുന്നതിനു മുമ്പ് ശുദ്ധി ചെയ്യേണ്ടത് ആവശ്യമാണ്. 100 ഗ്രാം കുരു പൊടിച്ച് ഇരുനാഴി പാലിൽ അതിന്റെ ഇരട്ടി വെള്ളവും ചേർത്ത് വെള്ളം മുഴുവൻ വറ്റുന്നതു വരെ തിളപ്പിക്കുക. ഇത് ഊറ്റിയെടുത്ത് ഉണങ്ങി പൊടിച്ച് ഈ പ്രക്രിയ രണ്ടു പ്രാവശ്യം കൂടി ആവർത്തിക്കുക. ഔഷധഗുണം കുറയാതെ തന്നെ വിഷശക്തി മാറിക്കിട്ടാൻ ഇത് സഹായിക്കും.

സന്ധിവേദന, നീര്, കാലു മടക്കാനും നിവർക്കാനുമുള്ള പ്രയാസം, ആമവാതം മുതലായവയ്ക്ക് ശുദ്ധിചെയ്ത കാഞ്ഞിരക്കുരു വളരെ ചെറിയ അളവിൽ കഴിക്കുന്നത് നല്ലതാണ്.

**കൃഷിരീതി**: 1200 മീറ്റർ വരെ ഉയരത്തിലുള്ള ഇലപൊഴിയും കാടുകളിൽ കാഞ്ഞിരം ഉണ്ടാകും. സാമാന്യം മഴ ലഭിക്കുന്ന ഉഷ്ണമേഖലാ പ്രദേശങ്ങളിലാണ് കാഞ്ഞിരം വളരുന്നത്. മണൽമണ്ണാണ് ഏറ്റവും യോജിച്ചത്. ഡിസംബർ മാസത്തിൽ കാഞ്ഞിരം ഇലപൊഴിയും. ഫെബ്രുവരി മാസത്തിൽ പുതിയ തളിരുകൾ വരും. മാർച്ച്–ഏപ്രിൽ മാസങ്ങളിലാണ് പുഷ്പിക്കുന്നത്. മെയ്മുതൽ ഡിസംബർ വരെ കായ് ഉണ്ടാകും. കായ്കൾ പാകമാകാൻ 8–9 മാസമെടുക്കും. വിത്തുമുളപ്പിച്ചാണ് തൈകൾ ഉണ്ടാക്കുന്നത്. പാകമായ കായ്കൾ പറിച്ചെടുത്ത്പൊട്ടിച്ച് വിത്ത് ശേഖരിക്കാം. നന്നായി വെള്ളത്തിൽ കഴുകി കായ്കളിലെ അവശിഷ്ടങ്ങളും മറ്റും നീക്കി കളയണം. വിത്തുമുളയ്ക്കൽ 30 –45 ദിവസം വരെ സമയമെടുക്കും. നഴ്സറി ബെഡുകളിൽ പാകുന്നതിനു മുമ്പായി വിത്തുകൾ 6 മണിക്കൂർ ചെറുചൂടുവെള്ളത്തിൽ ($50^o$–$60^oC$) മുക്കിയിടുന്നത് അങ്കുരണം എളുപ്പമാക്കും. രണ്ട് മാസം പ്രായമായ തൈകൾ പ്ലാസ്റ്റിക് ബാഗുകളിൽ നടാം. കാഞ്ഞിരം വളരെ സാവധാനം വളരുന്നതിനാൽ ഒരു വർഷം പ്രായമായ തൈകൾ കൃഷിസ്ഥലത്ത് നടുന്നതാണ് നല്ലത്. 60 സെ. മീ. സമചതുരക്കുഴികൾ 4–6 മീറ്റർ അകലത്തിൽ എടുത്ത് മേൽമണ്ണ്, ചാണകം, മണൽ ഇവയിട്ട് മൂടി തൈകൾ വയ്ക്കാം. ഏതാണ്ട് 10–20 കിലോ ചാണകം ഒരു ചെടിക്ക് എന്ന പ്രകാരം നൽകണം. 10–12 വർഷം പ്രായമായ മരങ്ങൾ കായ്ച്ചു തുടങ്ങും. കായ്കൾ ശേഖരിച്ച് വിത്ത് എടുക്കാം. 15–20 വർഷം പ്രായമെത്തിയ മരത്തിൽനിന്നും ആവശ്യമനുസരിച്ച് തൊലിയുംവേരും ശേഖരിക്കാം.

## നെല്ലി

ശാസ്ത്നാമം :- *എംബ്ളിക്ക ഒഫിഷ്യനാലിസ്*

കുടുംബം :- യൂഫൊർബിയേസിയേ

**രൂപവിവരണം :** ഉഷ്ണമേഖലാ പ്രദേശങ്ങളിൽ ധാരാളമായി കാണപ്പെടുന്ന ഇലപൊഴിക്കും മരമാണ്. നെല്ലിയുടെ ഇലകളും പൂക്കളും വളരെ ചെറുതാണ്. ഇതിന്റെ തൊലിയും കായയുമെല്ലാം ഔഷധയോഗ്യമാണ്. നെല്ലിക്ക ലഘുവും ശീതവീര്യവും അമ്ലരസപ്രധാനവുമായ ഒരു ഫലമാണ്. വിറ്റാമിൻ C ധാരാളമുള്ള നെല്ലിക്കയിൽ ഇരുമ്പ്, കാൽസ്യം എന്നിവയും ഉണ്ട്.

**ഉപയോഗം:** വാത, പിത്ത, കഫദോഷങ്ങൾ ശമിപ്പിക്കുവാൻ നെല്ലിക്കയ്ക്കു കഴിവുണ്ട്. രക്തശുദ്ധി, രക്തപിത്തം, ജ്വരം, പ്രമേഹം, മുടികൊഴിച്ചിൽ, തുടങ്ങിയവയ്ക്കും കാഴ്ചശക്തി വർദ്ധിപ്പിക്കുന്നതിനും നെല്ലിക്ക ഉത്തമമാണ്. കൂടാതെ രുചിയും ദഹനശക്തിയും വർദ്ധിപ്പിക്കുന്നതിനും ഇതിനു കഴിവുണ്ട്. പ്രസിദ്ധമായ ച്യവനപ്രാശ രസായനത്തിന്റെ ഒരു പ്രധാന ചേരുവ കൂടിയാണിത്.

**കൃഷിരീതി:** കേരളത്തിലെ കാലാവസ്ഥയിൽ നല്ല സൂര്യപ്രകാശവും നീർവാർച്ചയുള്ളതുമായ മലമ്പ്രദേശങ്ങളിലാണ് നെല്ലി അനുയോജ്യമായി കണ്ടിട്ടുള്ളത്. നന്നായി വിളഞ്ഞ് പഴുത്ത് താഴെ വീഴുന്ന നെല്ലിക്കയുടെ മാംസളഭാഗം നീക്കി അതിൽ നിന്നും കുരു വേർപെടുത്തി പൊട്ടിച്ച് ശേഖരിക്കുന്ന വിത്തുകൾ നന്നായി വെയിലിലുണക്കി സൂക്ഷിക്കാം. ഈ വിത്തുകൾ മൂന്നോ നാലോ മണിക്കൂർ വെള്ളത്തിൽ കുതിർത്ത് വച്ചതിനു ശേഷം തവാരണകളിൽ പാകി മുളപ്പിക്കാം. ഒരു മാസം പ്രായമായ തൈകൾ പോളിബാഗുകളിൽ പറിച്ചു നടാവുന്നതാണ്. പോളിബാഗുകളിൽ നിന്നും മൂന്നുമാസം പ്രായമായ തൈകൾ, ഒന്നരയടി സമചതുരത്തിലും ആഴത്തിലും വളം ചേർത്ത് മൂടിയ കുഴികളിൽ ചെറിയ കൈക്കുഴികളെടുത്ത് അതിൽ നടുക. ആദ്യവർഷം വേനൽക്കാലത്ത് ജലസേചനം നടത്തുന്നത് നല്ലതാണ്. പിന്നീട് വർഷത്തിലൊരിക്കൽ ജൈവവളം 10-15 കിലോ വീതം ചെടി ഒന്നിനു നല്കണം. ശരിയായി പരിപാലിച്ചാൽ 3-4 വർഷം കൊണ്ട് നെല്ലി കായ്ച്ചു തുടങ്ങും.

## അത്തി

ശാസ്ത്ര നാമം *: ഫൈക്കസ് റെസിമോസ*

കുടുംബം : മൊറേസിയെ

**രൂപവിവരണം:** ചെമന്ന അത്തി, ശീമയത്തി, കാട്ടത്തി എന്നിങ്ങനെ അത്തി പല തരത്തിലുണ്ട്. അതിൽ ശീമയത്തി അഥവാ നാട്ടത്തിയാണ് നമ്മുടെ നാട്ടിൽ സാധാരണ മരുന്നിനായി ഉപയോഗിക്കുന്നത്. ഏതാണ്ട് പത്ത് മീറ്റർ വരെ ഉയരത്തിൽ വളരുന്ന ഒട്ടും കാതലില്ലാത്ത ഒരു ബഹുവൃക്ഷമാണ് അത്തി. കട്ടിയുള്ള ഇതിന്റെ ഇലകൾക്ക് 20 സെ,മീ നീളം വരും.

**ആവാസകേന്ദ്രം:** അത്തി, സാധാരണയായി മിതോഷ്ണ മേഖലയിലാണ് ധാരാളമായി കാണപ്പെടുന്നത്. കേരളത്തിൽ മഴ ഉള്ള വനങ്ങളിൽ ഈ വൃക്ഷം സമൃദ്ധമായി വളരുന്നു. ഇന്ത്യയിൽ പൂന, ഗഞ്ചാം, ബാംഗ്ളൂർ, കാബൂൾ തുടങ്ങിയ ഇനങ്ങളാണ് ഉള്ളത്.

**കൃഷി രീതി:** മൂപ്പായ കൊമ്പുകൾ വെട്ടിയെടുത്ത് അത്തി നട്ട് പിടിപ്പിക്കാം.

**ഔഷധ ഗുണങ്ങൾ:** ഒരു പുണ്യ വൃക്ഷമായി കരുതപ്പടുന്ന അത്തിയുടെ തൊലി, കായ്, വേര് ഇവ ഔഷധങ്ങളാണ്. അത്തി തൊലിയിട്ടുണ്ടാക്കുന്ന ശീതളകഷായം അത്യാർത്തവത്തിന് കൊടുക്കും. അത്തിക്കായ് ചതച്ചു പിഴിഞ്ഞ നീർ തേൻ ചേർത്തു സേവിച്ചാൽ രക്ത പിത്തം ശമിക്കും. അത്തിപ്പഴം തിന്നാൽ സൗന്ദര്യം വർദ്ധിക്കും എന്നു പറയപ്പെടുന്നു. എന്നാൽ മിക്ക പഴങ്ങളുടേയും ഉള്ളിൽ പുഴു കാണപ്പെടുന്നതുകൊണ്ട് പൊട്ടിച്ച് നോക്കി പരിശോധിച്ചതിന് ശേഷമേ ഭക്ഷിക്കാവൂ. അത്തിയുടെ ഇളം കായ് എല്ലാത്തരം അതിസാരവും ശമിപ്പിക്കും. പ്രമേഹത്തിനും ഗ്രഹണിക്കും ഇത് നല്ലൊരു ഔഷധമാണ്. അത്തിപ്പഴം ദന്തക്ഷയത്തെ തടയുന്നു. മലബന്ധം ഇല്ലാതാക്കുകയും ചെയ്യും. രക്തസ്രാവത്തോടു കൂടിയ അർശ്ശസ് ഉള്ളവർ ചൂടു വെള്ളത്തിൽ കഴുകിയ 2-3 അത്തിപ്പഴം രാത്രിയിൽ ഒരു പാത്രത്തിലിട്ടു വെച്ച ശേഷം രാവിലെ അത് കഴിക്കുകയും മിച്ചമുള്ള വെള്ളം കുടിക്കുകയും ചെയ്താൽ 2-3 ആഴ്ച കഴിയുമ്പോൾ അർശസിന് നല്ല കുറവുണ്ടാകും. ഉണക്കിയെടുത്ത അത്തിപ്പഴത്തിന് വാണിജ്യ പ്രാധാന്യമുണ്ട്.

## ഞാവൽ

*ശാസ്ത്ര നാമം: സിസ്സിജിയം കുമിനി*

കുടുംബം : മിർട്ടേസിയേ

ഭാരതത്തിലുടനീളം കാണപ്പെടുന്ന ഒരു ഔഷധവൃക്ഷമാണ് ഞാവൽ. ഇത് ഒരു നിത്യഹരിതവൃക്ഷമാണ്. ഏതാണ്ട് 25 മീറ്റർ വരെ ഉയരത്തിൽ ഞാവൽ വളരും. ഇലകൾക്കു സുഗന്ധമുണ്ട്. ഇലകൾ ദീർഘവൃത്താകാരമാണ്. ഏതാണ്ട് 7 മുതൽ 15 സെ. മീ. വരെ നീളം വരും. അവയുടെ അഗ്രം കൂർത്താണിരിക്കുക. മങ്ങിയ വെള്ള നിറമുള്ള ചെറിയ പൂക്കൾ കുലകളായി കാണപ്പെടുന്നു. മധുരത്തോടു കൂടി ചവർപ്പുരസമുള്ള ഞാവൽപ്പഴം ആബാലവൃദ്ധം ജനങ്ങളുടേയും ഇഷ്ടഫലമാണ്. ഈ മരം പാതയോരങ്ങളിൽ ഒരു തണൽ മരമായി വച്ചു പിടിപ്പിക്കുന്നു.

**കൃഷിരീതി:** കുരു നട്ട് പുതിയ ചെടി വളർത്താം. ജൂൺ- ആഗസ്റ്റ് മാസത്തോടെ കായ്കൾ പഴുത്ത് പാകമാകുന്നു. ഈ സമയത്ത് താഴെ വീഴുന്ന കായ്കൾ ശേഖരിച്ച് മുകളിലുള്ള പൾപ്പ് നീക്കി കഴുകി ഉടൻ തന്നെ തവാരണകളിൽ പാകാവുന്നതാണ്. 15-20 ദിവസം കൊണ്ട് കായ്കൾ മുളച്ചു തുടങ്ങും. ഒരു മാസം പ്രായമായ തൈകൾ പോളീബാഗുകളിൽ പറിച്ച് നടാവുന്നതാണ്. പോളീബാഗുകളിൽ മൂന്നു മാസം പ്രായമായ തൈകൾ തോട്ടങ്ങളിൽ നടാം. നല്ല നീർവ്വാർച്ചയുള്ള സ്ഥലങ്ങളിലും നദീതീരങ്ങളിലും ഒരേ പോലെ നന്നായി വളരുന്നു. എന്നാൽ ജൈവാംശമുള്ള മണ്ണിലാണ് കൂടുതൽ നന്നായി വളരുന്നത്. ഒന്നരയടി ആഴത്തിലും സമചതുരത്തിലും കുഴികളെടുത്ത് ചാണകപ്പൊടിയും മണലും മേൽമണ്ണും നിറച്ച് മൂടി അതിനു മുകളിൽ തൈ നടുക. ജൂൺ-ജൂലൈ മാസങ്ങളിലാണ് തൈകൾ നടുന്നതിന് ഏറ്റവും പറ്റിയ സമയം. ആദ്യ വർഷങ്ങളിൽ ആവശ്യമെങ്കിൽ ജലസേചനം നടത്തുക. പിന്നീട് ആവശ്യമില്ല. ക്രമമായ കളയെടുക്കൽ, വർഷത്തിലൊരിക്കലുള്ള ജൈവവളപ്രയോഗം എന്നിവ നടത്തിയാൽ 5 മുതൽ 10 വർഷത്തിനുള്ളിൽ കായ്കൾ ഉണ്ടായി തുടങ്ങും. 10 വർഷം പ്രായമായാൽ ഇടവിട്ട് തൊലിയും ചെത്തി എടുക്കാം. ഇത് 100 മുതൽ 120 വർഷം വരെ ആയുസ്സുള്ള ഒരു നിത്യഹരിതവൃക്ഷമാണ്.

**ഉപയോഗഭാഗങ്ങൾ:** ഇല, തൊലി, പഴം, പഴത്തിന്റെ കുരു

**ഔഷധപ്രയോഗങ്ങൾ:** ഞാവലില ഇടിച്ചു പിഴിഞ്ഞ നീര് രക്താർശസ്സിനു സേവിക്കാം. തൊണ്ടവേദനക്കും, മോണപഴുപ്പിനും, സ്കർവിരോഗത്തിനും മോണയിൽ വേദനയോടു കൂടിയ രക്തസ്രാവത്തിനും ഞാവൽത്തൊലി കഷായം വച്ച് വായിൽക്കൊള്ളുന്നത് ഫലപ്രദമാണ്. തൊലി പഴുപ്പുള്ള വ്രണങ്ങൾക്ക് അരച്ചുപുരട്ടുകയും ചെയ്യാം . ഇല ഇടിച്ചു പിഴിഞ്ഞ നീരും കല്ക്കവും കടുകെണ്ണയിൽ കാച്ചി തൊലിപ്പുറത്തു ലേപനം ചെയ്താൽ വെന്തു പോയ തൊലി മാറി നല്ല തൊലിയുണ്ടാകും. ഞാവൽ പഴത്തിന്റെ നീരും വിനാഗിരിയും പ്ലീഹാവൃദ്ധിക്കും അമീബിക് ഡിസന്ററിക്കും നല്ല ഔഷധമായി കരുതിപ്പോരുന്നു. ഞാവൽപ്പഴത്തിന്റെ കുരു പൊടിച്ചതും മാങ്ങായണ്ടിപരിപ്പു പൊടിച്ചതും ചേർത്തു 10 മുതൽ 30 ഗ്രെയിൻ വരെ കൊടുത്താൽ അതിസാരം,

ഡിസന്ററി ഇവ ശമിക്കും. ഞാവൽത്തൊലിയും കുരുവും പ്രമേഹം, വാതസംബന്ധമായ പ്രശ്നങ്ങൾ എന്നിവയ്ക്കുള്ള മരുന്നായി ഉപയോഗിക്കുന്നു.

## കരിങ്ങാലി

ശാസ്ത്ര നാമം : *അക്കേഷ്യ കറ്റെച്ചു*

കുടുംബം : മൈമൊസേസിയെ

**ഇനങ്ങൾ :** അക്കെഷ്യ കറ്റെച്ചു ; ഇലകൾ, ഇലകളുടെ മുഖ്യ തണ്ട്, പൂങ്കുല . ബാഹ്യ ദളപുടം, ദളപുടം, എന്നിവ രോമിലമായിരിക്കും. അക്കേഷ്യ ചുന്ദ : ഇലകൾ, ഇലകളുടെ മുഖ്യ തണ്ട്, പൂങ്കുല വൃന്ദം. ബാഹ്യ ദളപുടം, ദളപുടം, എന്നിവ രോമരഹിതമായിരിക്കും.

**ആവാസകേന്ദ്രം**: ഹിമാലയപ്രാന്തപ്രദേശങ്ങൾ, മധ്യ ഭാരതം, കേരളത്തിലെ വടക്കൻ പ്രദേശത്തുള്ള കാടുകൾ, എന്നിവിടങ്ങളി ൽ വളരുന്നു.

**രൂപ വിവരണം:** ചെറിയ വൃക്ഷമായ ഇതിന്റെ തൊലി ധൂസര വർണ്ണമുള്ള മുള്ളുകൾ നിറഞ്ഞതാണ്. പുറം തടിക്ക് മഞ്ഞ നിറമോ വെള്ള നിറമോ ആണ്. കാതൽ ഇരുണ്ടു ചുവന്നിരിക്കും.

**കൃഷിരീതി:** കായ്കൾ പഴുത്ത സമയത്ത് ശേഖരിച്ച് വെയിലിൽ ഉണക്കി പൊട്ടിച്ച് വിത്തുകൾ ശേഖരിച്ച് വയ്ക്കാവുന്നതാണ്. ഈ വിത്തുകൾ 6 മണിക്കൂർ വെള്ളത്തിൽ കുതിർത്തതിനു ശേഷം തവാരണകളിൽ പാകുക. ഒരു മാസം കൊണ്ട് വിത്തുകൾ മുളച്ച് വളർന്നു തുടങ്ങും. ചെടികൾക്ക് നാലു സെറ്റ് ഇലകൾ വന്നു കഴിഞ്ഞാൽ പോളിബാഗുകളിൽ പറിച്ച് നടാവുന്നതാണ്. 2 മാസം പ്രായമായാൽ ഈ തൈകൾ തോട്ടങ്ങളിൽ നടുന്നതിനായി ഉപയോഗിക്കാം. ഒന്നരയടി സമചതുരത്തിലും ആഴത്തിലുമുള്ള കുഴികൾ എടുത്ത് ചെടികൾ ആ കുഴികളിൽ നടുക. നടുമ്പോൾ ചെടികൾ തമ്മിൽ 5 മുതൽ 20 അടി വരെ അകലമുണ്ടായിരിക്കണം. കരിങ്ങാലി നടുന്നതിന് മലയോരങ്ങളോ വരണ്ട പ്രദേശങ്ങളോ ആണ് ഉത്തമം. 10-)ം വർഷം മരം വെട്ടി കാതൽ ശേഖരിക്കാവുന്നതാണ്.

**ഉപയോഗങ്ങൾ:** ഇതിൻെറ കാതലാണ് ഔഷധങ്ങൾക്കുപയോഗിക്കാറ്. ഇത് കഫം, പിത്തം, രക്തദോഷം, ചുമ, വീക്കം, ആമദോഷം, കുഷ്ഠം, വ്രണം, മേദസ്സ് ഇവയെ ശമിപ്പിക്കും. ഇതിന്റെ കാതലായ ഭാഗം വററിച്ചെടുക്കുന്നതാണ് കാത്ത്. അമ്ലപിത്തത്തിന്, അമൃത്, കരിങ്ങാലിക്കാതൽ, ഇരട്ടിമധുരം, മരമഞ്ഞൾതൊലി, ഇവ കഷായം വച്ച് തേൻ ചേർത്ത് സേവിക്കുന്നത് നന്ന്. കരിങ്ങാലിക്കാതൽ, ആടലോടകവേര്, പടവലം, വേപ്പിൻതൊലി, അമൃത്, നെല്ലിക്ക ഇവ കഷായം വച്ച് ഈ മരുന്നുകൾ തന്നെ കൽക്കം കാച്ചിയ നെയ്യ്, വിസർപ്പം, കുഷ്ഠം, ഗുൽമം ഇവയെ ശമിപ്പിക്കും. മുഖരോഗത്തിന്, ഒരു തുലാം കരിങ്ങാലിക്കാതൽ 16 ഇടങ്ങഴി വെള്ളത്തിൽ കഷായം വച്ച് എട്ടിലൊന്നാക്കി ജാതിക്ക, കർപ്പൂരം, അടയ്ക്ക ഇവ പൊടിച്ചിട്ട് അരച്ച് ഗുളികകളാക്കുക. ഇവ, ചുണ്ടുവിള്ളൽ ശമിപ്പിക്കുകയും മുഖസൗന്ദര്യം വർദ്ധിപ്പിക്കുകയും ചെയ്യും. കരിങ്ങാലിക്കാതൽ തീ കത്തിച്ച് അതിൽ നിന്ന് ഇററ് വീഴുന്ന രസം ശേഖരിച്ച് നെയ്യും നെല്ലിക്കനീരും തേനും ചേർത്ത് സേവിക്കുന്നത് കുഷ്ഠരോഗത്തിന് വിശേഷമാണ്. നീരട്ടിയെണ്ണയിൽ വിധിപ്രകാരം തേനും നെയ്യും കരിങ്ങാലിക്കഷായവും ചേർത്ത് 15 ദിവസം സേവിക്കുകയും മാംസരസം മാത്രം സേവിക്കുകയും ചെയ്താൽ വളരെക്കാലം ജീവിക്കാമെന്ന് കാണുന്നു.

## കരിമരം

ശാസ്ത്രനാമം: *ഡയോസ്പൈറോസ് എബനം*

കുടുംബം : എബണേസിയെ

**ആവാസകേന്ദ്രം**: കേരളത്തിലെ അർദ്ധഹരിത വനങ്ങളിൽ അങ്ങിങ്ങു വളരുന്ന സാന്ദ്രമായ തലപ്പോടുകൂടിയ ഇടത്തരം മരം. ദക്ഷിണേന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലും ശ്രീലങ്കയിലും ധാരാളമുണ്ട്.

**ഇനങ്ങൾ :** ഈടും ഉറപ്പും കരിപോലെ കറുത്ത നിറവുമുള്ള തടിയാണ് എബണി. ഡയോസ്പൈറോസ്, യൂക്ലിയ മുതലായ ജീനസിൽ പെട്ട പല മരങ്ങളിൽ നിന്നും എബണി കിട്ടുന്നുണ്ട്.

**രൂപവിവരണം:** പത്രഫലകങ്ങളിൽ ധാരാളം കറുത്ത കുത്തുകളുണ്ട്. വ്യക്തമായ പൂക്കാലമില്ല. പുഷ്പങ്ങൾ പച്ചകലർന്ന മഞ്ഞ നിറം. 3-15 ആൺപൂക്കൾ കൂട്ടമായി ഉണ്ടാകുന്നു. പെൺപൂവ് ആൺപൂവിനേക്കാൾ വലുതാണ്. ഇവ ഒറ്റയായി വളരുന്നു.

**കൃഷിരീതി:** തൈകൾ തണലിലേ വളരൂ. എന്നാൽ മരങ്ങൾക്കു ശീർഷോപരി പ്രകാശം നല്ലതാണ്. വിത്തു മൂലമാണ്പ്രവർദ്ധനം. നല്ല നീർവലിവുള്ള മണ്ണു വേണം. കറുത്ത പരുത്തിമണ്ണും അലുവിയൽ മണ്ണും നല്ലതാണ്. ആയുസ്സു മുഴുവൻ വളരെ പതുക്കെ വളരുന്ന സസ്യമാണിത്.

**ഉപയോഗം:** കൗതുക വസ്തുക്കൾ, സംഗീതോപകരണങ്ങൾ എന്നിവ ഉണ്ടാക്കാൻ ഇതിന്റെ കാതൽ ധാരാളമായി ഉപയോഗിക്കുന്നു.

## മുള

ശാസ്ത്ര നാമം*: ബാംബൂസ അരുൻഡിനേസിയേ*

കുടുംബം : ഗ്രാമീനേ

ഇന്ത്യയിൽ ഒട്ടാകെ 150 തരം മുളകൾ ഉണ്ട്. കേരളത്തിൽ 15 എണ്ണവും. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ബാംബൂസ അരുൻഡിനേസിയേ. ഇതിന് 25-30 മീറ്റർ ഉയരവും 50 സെ. മീ വണ്ണവും കാണും. മുള്ളുകളും മുളയെ ആവരണം ചെയ്തിരിക്കുന്ന വലിയ പോളകളും ഈ ഇനം മുളകളുടെ പ്രത്യേകതകളാണ്. ഉൾഭാഗം പൊള്ളയാണ്. പക്ഷേ ഭിത്തികൾക്ക് നല്ല കനമുണ്ടായിരിക്കും. നനവാർന്ന വനങ്ങളിൽ ഈ മുളകൾ വളരുന്നു. ഇലകൾ ദീർഘാകാരത്തോടു കൂടിയതും പരുപരുത്തതുമാണ്. 30-40 കൊല്ലത്തിനിടക്കാണ് ഈ വൃക്ഷം പൂക്കുന്നത്.

**കൃഷിരീതി:** വിത്തു പാകുകയാണ് ചിലവു കുറഞ്ഞ രീതി. മൂന്നോ നാലോ മീറ്റർ ഇടവിട്ട് തടങ്ങളൊരുക്കി വിത്ത് പാകാം. നഴ്സറിതൈകളാണെങ്കിൽ 30 സെ. മീ. വീതം ചതുരവും ആഴവുമുള്ള കുഴികളിൽ നടണം. മഴക്കാലത്താണ് നഴ്സറി ഉണ്ടാക്കേണ്ടത്. ബെഡിൽ 15 സെ. മീ ഇടവിട്ടു സമാന്തരചാലുകൾ കീറി വിത്തു പാകണം. ഒരു ച. മീ. ബെഡിനു 10- 12 ഗ്രാം വിത്ത് മതിയാകും. വിത്തു പാകുന്നതിനു മുമ്പ് 2 ദിവസം തണുത്ത വെള്ളത്തിലിടുന്നതു നല്ലതാണ്. വിത്തു പാകിയോ തൈ നട്ടോ തോട്ടമുണ്ടാക്കുന്നതു ചെലവു കുറഞ്ഞ സുനിശ്ചിത മാർഗ്ഗമാണ്. പക്ഷേ 30- 40 വർഷം കൂടുമ്പോഴേ വിത്തു കിട്ടൂ. വിത്തിനു പറയത്തക്ക ജീവനക്ഷമതയുമില്ല. കാത്സ്യം ക്ലോറൈഡ് കലർത്തിയാൽ ഒരു വർഷം വരെ സൂക്ഷിക്കാം. അതുകൊണ്ട് കായികപ്രവർദ്ധനമാണ് ഏക പോംവഴി. രണ്ടാമത്തെ മുട്ടിടയിൽ വച്ചു മുറിച്ച മൂലകാണ്ഡം 60 സെ. മീ. വീതം ചതുരവും ആഴവുമുള്ള കുഴികളിൽ നടുന്നതാണ് ഫലപ്രദമായ രീതി.

**ഔഷധപ്രയോഗങ്ങൾ:** ചില മുളകളുടെ അകത്ത് ഒരു തരം വെളുത്ത ദ്രാവകം ഊറി കട്ടപിടിച്ചുണ്ടാകുന്ന മുളനൂറ് അഥവാ വംശരോചന, ച്യവനപ്രാശത്തിലും മറ്റും നൂറായി ഉപയോഗിക്കുന്നു. ഇത് ശ്വാസകോശസംബന്ധമായ അസുഖങ്ങൾക്കും ശരീരശക്തിക്കും ദഹനക്കുറവിനും നല്ലതാണ്. മുളയുടെ തളിരില അരച്ചിട്ടാലും, അതു തന്നെ ഉണക്കിപ്പൊടിച്ചു വിതറിയാലും വ്രണം ശുദ്ധമാവുകയും എളുപ്പം ഉണങ്ങുകയും ചെയ്യും. കുരുന്നിലയും കുരുന്നുമൊട്ടും വിധിപ്രകാരം കഷായം വച്ചു കുടിച്ചാൽ ആർത്തവം ക്രമപ്പെടും.

## അരയാൽ

ശാസ്ത്രനാമം: *ഫൈക്കസ് റിലീജിയോസ*

കുടുംബം : മൊറേസിയെ

അതിപുരാതനകാലം മുതൽക്കേ മനുഷ്യശ്രദ്ധയ്ക്ക് പാത്രമായ ഒരു തണൽ വൃക്ഷമാണിത്. അരയാലിന്റെ തണലിന് വേനലിൽ തണുപ്പും ശൈത്യകാലത്ത് ചൂടും അനുഭവപ്പെടാറുണ്ടെന്ന് പറയപ്പെടുന്നു.

**ആവാസകേന്ദ്രം:** ഇന്ത്യയിലെ സമതലങ്ങളിലും ചെറിയ മലകളിലും കണ്ടുവരുന്നു.

**രൂപവിവരണം:** വലിയ നിത്യഹരിത മരമാണ്. ശാഖകളെല്ലാം ഒന്നിച്ചു തളിർക്കുന്നു.. തളിരിലകൾക്ക് മാംസത്തിന്റെ നിറമാണുള്ളത്. വരൾച്ച സഹിക്കാനുള്ള കഴിവ് ഈ മരത്തിനുണ്ട്.

**പ്രവർദ്ധനം:** കാറ്റും പക്ഷികളുമാണ് വിത്തു വിതരണം ചെയ്യുന്നത്. വിത്തു പാകിയോ കമ്പു മുറിച്ചു നട്ടോ ഇതിനെ വളർത്താം.

**ഉപയോഗം:.** ഒരു വിധം കടുപ്പമുള്ള തടിയാണ് ഇതിന്റേത്. ഇലയും തൊലിയും ഔഷധമായി ഉപയോഗിക്കപ്പെടുന്നു. ഉഷ്ണപുണ്ണ് ശമിക്കാൻ അരയാലിന്റെ തൊലിയിട്ടു തിളപ്പിച്ച വെള്ളമൊഴിക്കുക. വെണ്ണയോ തൈരോ അരയാലിന്റെ ഇലയിൽ എടുത്ത് ചൂടാക്കി ആറ്റി ചെവിയിൽ ഒഴിച്ചാൽ ചെവിക്കുത്തിന് ശമനമുണ്ടാകും. അരയാലിന്റെ തടി പാക്കിംഗ് പെട്ടി, വിറക് എന്നിവയ്ക്ക് ഉപയോഗിക്കുന്നു.

## നാകം

ശാസ്ത്രനാമം : *മെസുവ ഫെറിയ*

കുടുംബം :ക്ലൂസിയേസെ

**ആവാസകേന്ദ്രം:** ഈ മരം ഒരു അപൂർവ്വ വൃക്ഷമായതിനാൽ കേരളത്തിൽ സാധാരണ ജനങ്ങൾക്ക് പരിചയമില്ല. എന്നാൽ കേരളത്തിലെ കാലാവസ്ഥ ഇതിന്റെ കൃഷിക്ക് വളരെ അനുയോജ്യമാണ്.

**കൃഷിരീതി:** നവംബർ മാസം മുതൽ മാർച്ച് മാസം വരെയുള്ള കാലങ്ങളിൽ ഇതിന്റെ കായ്കൾ വിളഞ്ഞ് പാകമാകും. വിത്തുകൾ ശേഖരിച്ച് ഉടൻ തന്നെ തവാരണകളിൽ പാകുകയോ നേരിട്ട് പോളിബാഗുകളിൽ നടുകയോ ചെയ്യാം. മൂന്നു നാലു മാസം പ്രായമായ തൈകൾ നടുന്നതിനായി ഉപയോഗിക്കാം. ഒന്നരയടി സമചതുരത്തിലും ആഴത്തിലുമുള്ള കുഴികളെടുത്ത് അതിൽ 10 കിലോ ജൈവവളവും മണലും മേൽമണ്ണും ചേർത്ത് നിറച്ച് മുകൾ ഭാഗം അൽപം ഉയരത്തിലാക്കി അതിൽ ചെറിയ കൈകുഴികൾ കുത്തി തൈകൾ അതിൽ നടാം. നടുമ്പോൾ തൈകൾ തമ്മിൽ 10 മുതൽ 12 അടി വരെ അകലമുണ്ടായിരിക്കണം. നടുന്നതിനായി തിരഞ്ഞെടുക്കുന്ന സ്ഥലം അധികം വരൾച്ച ഇല്ലാത്ത സമതല പ്രദേശങ്ങളോ നദീതീരങ്ങളോ ആയിരിക്കണം. എക്കൽ നിറഞ്ഞ പ്രദേശങ്ങൾ വളരെ അനുയോജ്യമാണ്. ആദ്യ വർഷം നടീൽ കഴിഞ്ഞ തൈകൾക്ക് ക്രമമായ ജലസേചനവും കളയെടുക്കലും വർഷത്തിൽ രണ്ട് പ്രാവശ്യമുള്ള ജൈവവള പ്രയോഗവും അത്യാവശ്യമാണ്. പരിചരണം നന്നായിരുന്നാൽ നാലാം വർഷത്തിൽ പൂക്കൾ ഉണ്ടായി തുടങ്ങും. ഈ പൂക്കൾ വിടർന്നു കഴിഞ്ഞാൽ പറിച്ച് ഉണക്കി ഔഷധാവശ്യത്തിനായി ഉപയോഗിക്കാം.

## പേരാൽ

ശാസ്ത്രനാമം *: ഫൈക്കസ് ബംഗാലെൻസിസ്*

കുടുംബം : മൊറേസിയെ

പേരാൽ ഒരു പുണ്യവൃക്ഷമായി കരുതപ്പെടുന്നു. വരൾച്ചയെ അതിജീവിക്കാനുള്ള കഴിവ് ഈ മരത്തിനുണ്ട്. ഇതിന്റെ കറയും മൊട്ടും ഔഷധമായി ഉപയോഗിക്കാം.

**ആവാസകേന്ദ്രം:** ഇന്ത്യയിൽ ഇലപൊഴിയും ഈർപ്പവനങ്ങളിലും നാട്ടിൻ പുറത്തും പേരാൽ കണ്ടുവരുന്നു.

**രൂപവിവരണം:** പന്തലിച്ചു വളരുന്ന ഒരു വൃക്ഷമാണിത്. താങ്ങു വേരുകളാണ് ഭൂമിക്കു സമാന്തരമായി വ ളരുന്ന ശാഖകളെ താങ്ങിനിർത്തുന്നത്. ഇതിന്റെ ഇലകൾക്ക് 10-12 സെ.മീ നീളവും 8-10 സെ.മീ വീതിയും വരും. വരൾച്ച ഉള്ള സമയത്ത് വളരുന്ന പേരാലിന്റെ ഇലകൾ ഡിസംബർ- ജനുവരിയിൽ കൊഴിയുകയും പുതിയ ഇലകൾ പെട്ടെന്ന് ഉണ്ടാകുകയും ചെയ്യും.

**പ്രവർദ്ധനം:** പക്ഷികളാണ് വിത്തു വിതരണം ചെയ്യുന്നത്. കൃത്രിമ പുനരുത്പാദനത്തിന് വിത്തു പാകി മുളപ്പിച്ച തൈകൾ പറിച്ചു നടുകയും കമ്പു വെട്ടി കുത്തുകയോ ചെയ്താൽ മതി. വിത്ത് പോളിത്തീൻ സഞ്ചികളിൽ പാകുന്നതാണ് നല്ലത്. കമ്പു മുറിച്ചു നടുകയാണെങ്കിൽ 3 മീ. വരെ നീളമുള്ള കമ്പു പയോഗിക്കാം.

**ഉപയോഗങ്ങൾ:** പാദങ്ങൾ വിണ്ടു കീറുന്നതിന് പേരാലിന്റെ കറയും കായും കൂടി അരച്ച് കുഴമ്പു പരുവത്തിലാക്കി പുരട്ടുക. ദന്തധാവനത്തിന് പേരാലിന്റെ കീഴ്പ്പോട്ടിറങ്ങുന്ന വേരുകൾ മുറിച്ച്

ഉപയോഗിക്കാം. വയറുകടി, അതിസാരം എന്നീ രോഗങ്ങൾക്ക് ഇതിന്റെ തൊലി ചേർത്ത കഷായം ഉപകരിക്കും. പഞ്ചവത്ക്കലാദി തൈലത്തിൽ പേരാൽ ചേർക്കുന്നു.

## പ്ലാശ്

ശാസ്ത്ര നാമം: *ബ്യൂട്ടിയ മോണോസ്പേർമ*

കുടുംബം : ലെഗുമിനോസേ.

**ആവാസകേന്ദ്രം:** ഇന്ത്യയിലുടനീളമുള്ള വനപ്രദേശങ്ങളിൽ കണ്ടുവരുന്നു. കൂടാതെ വളക്കൂറുള്ള മണൽ പ്രദേശങ്ങളിലും കണ്ടുവരുന്നു.

**രൂപവിവരണം:** 15- 20മീറ്റർ വരെ ഉയരത്തിൽ വളരുന്ന ഒരു ഇടത്തരം വൃക്ഷമാണ് പ്ലാശ്. ഇതിന്റെ പ്രധാന തടി വളഞ്ഞുപുളഞ്ഞ് ശാഖോപശാഖകളോടു കൂടിയതാണ്. തൊലി വിള്ളലുകളോടു കൂടിയതും ചാരനിറത്തോടു കൂടിയതുമാണ്. പുഷ്പങ്ങൾക്ക് ഓറഞ്ചോ ചുവപ്പോ നിറമാണ്. കായപോടാണ്. വിത്തു മൂലം പ്രവർദ്ധനം നടത്തുന്നു.

**ഔഷധഗുണങ്ങൾ:** പ്ലാശിന്റെ കുരു അരച്ചെടുത്ത കൽക്കം 6 ഗ്രാം ഒരു ഗ്ലാസ്മോരിൽ കലക്കി മൂന്നുദിവസം തുടർച്ചയായി രാവിലെയും വൈകിട്ടും കുടിച്ചാൽ ഉദരകൃമി ശമിക്കും. പ്ലാശിന്റെ തൊലി കഷായം വെച്ച് ദിവസം മൂന്നു നേരം വീതം കുടിക്കാമെങ്കിൽ സ്ത്രീകളിലുണ്ടാകുന്ന രക്തസ്രാവം, ശ്വേതപ്രദരം ഇവ ശമിക്കും. വിത്തു പൊടിച്ച് നാരങ്ങാനീര് ചേർത്ത് ചൊറിച്ചിലുള്ള ഭാഗങ്ങളിൽ പുരട്ടിയാൽ ശമനം കിട്ടും. ഗൊണേറിയ മുതലായ രോഗങ്ങളുള്ളവരുടെ ശുക്ലം ഗർഭോല്പാദനത്തിന് അസമർഥമാണങ്കിൽ പ്ലാശിൻ തൊലികൊണ്ടുള്ള കഷായം കുടിക്കുന്നതു നല്ലതാണെന്നു പറയപ്പെടുന്നു.

**കൃഷിരീതി:** പ്ലാശ് സ്വാഭാവികമായും തുറന്നപ്രദേശങ്ങളിലാണ് കണ്ടുവരുന്നത്. ഇത് വരൾച്ചയെ അതിജീവിക്കാൻ ശേഷിയുള്ളവയാണ്. വിത്തു വഴിയും ഭൂകാണ്ഡങ്ങൾ വഴിയും ഇവയെ ഉല്പാദിപ്പിക്കാം. ഈർപ്പമുള്ള കാലാവസ്ഥയിൽ ഇതിന്റെ അങ്കുരണശേഷി വളരെ കൂടുതലാണ്.

## ഇത്തി

ശാസ്ത്രനാമം : *ഫൈക്കസ് മൈക്രോകാർപ*

കുടുംബം : മൊറേസിയെ

**ആവാസകേന്ദ്രം**: വലിയ ഒരു വൃക്ഷമാണിത്. കേരളത്തിൽ 1300 മീ. ഉയരം വരെയുള്ള മലകളിൽ കാണപ്പെടുന്നു.

**രൂപവിവരണം:** ഇലയ്ക്ക് 5മുതൽ 15സെ.മീ വരെ നീളവും രണ്ടു മുതൽ എട്ടു സെ.മീ വരെ വീതിയും കാണും. ഇലക്ക് അണ്ഡാകൃതിയോ ദീർഘവൃത്താകൃതിയോ ആണ്. ഇത്തിയുടെ കായ് ജനുവരി - മാർച്ചിൽ വിളയും. വിളഞ്ഞ കായക്ക് മഞ്ഞ നിറമാണുള്ളത്.

**കൃഷിരീതി :** ഇത്തി മരത്തിന്റ ശാഖകളുടെ പെൻസിൽ വണ്ണമുള്ള കമ്പുകൾ വേരു പിടിപ്പിച്ചെടുത്ത് , പുതിയ തൈകൾ ഉണ്ടാക്കാം. പതിനഞ്ചു വർഷം കൊണ്ട് ഇവ തൊലി എടുക്കത്തക്ക വണ്ണം എത്തും. ഈ സമയത്ത് തൊലി ചെത്തി എടുത്ത് തുടങ്ങാം. ആൽമരങ്ങൾക്ക് അനേകവർഷം ആയുസ്സുള്ളതിനാൽ ഇതിൽനിന്നും തുടർച്ചയായി തൊലി ചെത്തിയെടുക്കാം. വളം ഇടേണ്ട ആവശ്യമില്ല.

## അമ്പഴം

ശാസ്ത്രനാമം: *സ്പൊൻഡിയാസ് പിന്നേറ്റ.*

കുടുംബം :അനാകാർഡിയേസിയേ.

**ആവാസകേന്ദ്രം**: ഇന്ത്യയിലുടനീളം കണ്ടുവരുന്നു.

**രൂപവിവരണം:** 25 മീറ്ററോളം വരെ വലുപ്പത്തിൽ കാണപ്പെടുന്ന ഈ വൃക്ഷം ഇല പൊഴിയുന്ന സ്വഭാവമുള്ളതാണ്. ശിഖരങ്ങളുടെ അഗ്രഭാഗത്ത് ഇലകൾ കൂട്ടംകൂട്ടമായി കാണപ്പെടുന്നു. തൊലിക്കു ചാരനിറമാണ് ഉള്ളത്. തൊലിക്കും ഇലക്കും നല്ല മണമുണ്ട്. പൂവിന് വെള്ള നിറമുണ്ട്. മഴക്കാലത്ത് പൂവ് കായാവും. മഞ്ഞുകാലം തുടങ്ങുമ്പോൾ കായ് വിളയും.

**ഔഷധപ്രയോഗങ്ങൾ:** അമ്പഴങ്ങ ദാഹം, വാതപിത്തങ്ങൾ എന്നിവയ്ക്ക് നല്ലതാണ്. അമ്പഴത്തൊലി കാടിയിൽ അരച്ച് സ്നേഹമയം ചേർത്ത് ലേപനം ചെയ്താൽ വാതനീരു കുറയും. വയറിളക്കം, വയറുകടി, ഛർദ്ദി, പേശിവേദന എന്നിവയ്ക്ക് ഇതിന്റെ തൊലി ഉപയോഗിക്കുന്നു.

**കൂവളം**

ശാസ്ത്രനാമം : ഈഗിൾ മാർമെലോസ്

കുടുംബം : റൂട്ടേസി

**രൂപവിവരണം:** പത്ത്- പന്ത്രണ്ട് മീറ്റർ വരെ ഉയരത്തിൽ വളരുന്ന ഒരു വൃക്ഷമാണ് കൂവളം. ഇതിന്റെ ശാഖകളിലും ഉപശാഖകളിലും മൊട്ടുസൂചി പോലുള്ള മുള്ളുകളുണ്ട്. ഇലകൾ സംയുക്തമാണ്.ഓരോ ഇലയിലും മൂന്ന് പത്രങ്ങൾ ഉണ്ട്. പൂക്കൾ മങ്ങിയ പച്ച നിറമുള്ളവയും നറുമണം പരത്തുന്നവയുമാണ്. ഫലം ഉരുണ്ടതും 5-12.5 സെ.മീ. വ്യാസമുള്ളതുമാണ്. പച്ചനിറമുള്ള ഇവ പാകമാകുന്നതോടുകൂടി ഇളം മഞ്ഞ നിറമാകുന്നു. പുറംതോടിന് നല്ല കട്ടിയുണ്ട്. ഫലത്തിനുള്ളിലെ മാംസളഭാഗത്തിന് മധുരമുണ്ട്.

**ആവാസകേന്ദ്രം:** ഇന്ത്യയിലുടനീളം ഈ വൃക്ഷം വളരുന്നു

**കൃഷിരീതി:** കൂവളത്തിന്റെ കായ്കൾ വിളഞ്ഞ് പാകമാകുന്നത് ഡിസംബർ-ജനുവരി മാസങ്ങളിലാണ്. ഈ സമയത്ത് പഴുത്ത് മഞ്ഞനിറമാകുന്ന കായ്കൾ മരത്തിൽ നിന്നും പറിച്ചെടുത്ത് പൊട്ടിച്ച് അതിൽ നിന്നും വിത്തുകൾ പെറുക്കി നന്നായി കഴുകി പൾപ്പ് മുഴുവനും നീക്കി വെയിലിൽ ഉണക്കി സൂക്ഷിക്കാം. ഇപ്രകാരം സൂക്ഷിച്ച വിത്തുകൾ, ആറുമണിക്കൂർ നേരം വെള്ളത്തിൽ കുതിർത്തി വച്ചതിനുശേഷം തവാരണകളിൽ പാകി അഴുകിയ വൈക്കോൽ കൊണ്ട് പുതയിട്ട് നനച്ച് കൊടുക്കുക. പതിനഞ്ച് - ഇരുപത് ദിവസം കൊണ്ട് കായ്കൾ മുളച്ച് തുടങ്ങും. ഒരു മാസം പ്രായമായാൽ തൈകൾ പോളിബാഗുകളിലേക്ക് പറിച്ചുനടാം. രണ്ട് മാസം പ്രായമായ തൈകൾ നടുന്നതിനായി ഉപയോഗിക്കാം. ഒന്നരയടി സമചതുരത്തിലും അത്രയും തന്നെ ആഴത്തിലും തയ്യാറാക്കിയ കുഴികളിൽ പത്ത് കിലൊ ചാണകപ്പൊടിയും ഓരോ കുട്ട മണലും വീതം നിക്ഷേപിച്ചതിനു ശേഷം മേൽമണ്ണു കൊണ്ട് മൂടി മുകൾഭാഗം അല്പം ഉയരത്തിലാക്കി അതിൽ ഒരു ചെറിയ കൈക്കുഴി കുത്തി പോളിബാഗ് നീക്കി തൈ നടുക. ജൂൺ, ജൂലായ് മാസങ്ങളാണ് തൈകൾ നടുന്നതിന് ഏറ്റവും നല്ല സമയം. നടുമ്പോൾ കൈക്കുഴികൾ തമ്മിൽ ഇരുപതടി അകലമുണ്ടായിരിക്കണം. കളയെടുക്കലും ജലസേചനവും ക്രമമായി നടത്തണം. ആണ്ടിലൊരിക്കൽ ഇരുപത് കിലോ ജൈവവളം വീതം ചേർത്തുകൊടുക്കണം.

**ഉപയോഗം:** കൂവളത്തിന്റെ എല്ലാ ഭാഗങ്ങൾക്കും ഔഷധമൂല്യമുണ്ട്. വേര് പ്രമേഹത്തിനും കുഷ്ഠത്തിനുമുള്ള മരുന്നിൽ ചേർക്കുന്നു. തളിരിലയിട്ടു തിളപ്പിച്ച വെള്ളം ഉഷ്ണപ്പുണ്ണു കഴുകാൻ നല്ലതാണ്. കൂവളത്തിന്റെ വേര്, കായ് മുതലായവ അതിസാരരോഗങ്ങൾക്ക് കൈകണ്ട മരുന്നാണ്. പഴുത്തകായുടെ മാംസളഭാഗത്തിൽ ചുണ്ണാമ്പ് ചേർത്താൽ നല്ല പശയായി. പെയിന്റിന് തിളക്കം കൂട്ടാൻ ഈ മാംസളഭാഗം ഉപയോഗിക്കാറുണ്ട്. പഴുത്ത കായുടെ ചാറ് തേച്ച് കുളിക്കാൻ വിശേഷപ്പെട്ടതാണ്. വില്യാദിലേഹ്യം, വില്യാദിഗുളിക, ദശമൂലാരിഷ്ടം, ദശമൂലരസായനം എന്നിവ കൂവളവേര് ചേർത്ത മരുന്നുകളാണ്.

## നീർമരുത്.

ശാസ്ത്രീയനാമം:: *ടെർമിനേലിയ അർജുന*

കുടുംബം : കോമ്പ്രട്ടേസി യെ

**ആവാസകേന്ദ്രം:** ഇന്ത്യയിൽ ഇവ സമൃദ്ധിയായി വളരുന്നു. ബംഗാളിലും ദക്ഷിണേന്ത്യയിലും പഞ്ചാബിലുമാണ് ഇത് ഉള്ളത്. ഉയരം കുറഞ്ഞ മലകളിലും വനോപാന്തങ്ങളിലുമാണ് ഇവ നന്നായി വളരുന്നത്.

**രൂപവിവരണം:** മരത്തോലി ആനക്കൊമ്പുപോലെ മിനുസമുള്ളതാണ്. ഏപ്രിലിൽ ഇവ പൂക്കാൻ തുടങ്ങും. മങ്ങിയ മഞ്ഞനിറമുള്ള പൂക്കളാണ്. കായ നവംമ്പറിൽ വിളയും. ഒരു കിലോഗ്രാമിൽ ഇരുന്നൂറോളം കായ്കൾ കാണും.

**കൃഷിരീതി:** കാറ്റും വെള്ളവുമാണ് വിത്തു വിതരണം നടത്തുന്നത്. മണ്ണിൽ വീണുകിടക്കുന്ന അനാവൃത കായ്കൾ മുളയ്ക്കാറില്ല. മണ്ണു കൊണ്ടു മൂടിയാൽ പുതുമഴ തുടങ്ങുമ്പോൾ മുളയ്ക്കും. നഴ്സറിയിൽ മുളപ്പിച്ച തൈകൾ പിറ്റേക്കൊല്ലം പറിച്ചു നട്ടും തോട്ടം ഉണ്ടാക്കാം. നഴ്സറി മേയ് മാസത്തിൽ ഉണ്ടാക്കാം.

**ഉപയോഗങ്ങൾ:** തടിയുടെ വെള്ളയ്ക്കു മങ്ങിയ വെള്ളനിറമാണ്. കാതലിന് നല്ല ഉറപ്പുമുണ്ട്. ഉണങ്ങുമ്പോൾ ചിന്നുന്നു. അതുകൊണ്ട് വീട്ടു ഉപകരണങ്ങൾക്കും വീടിനും ഉപയോഗിക്കാറില്ല. കാളവണ്ടി, കലപ്പ, വഞ്ചി മുതലായവയ്ക്ക് ഉപയോഗിക്കാൻ കൊള്ളാം. തൊലിക്കു ചവർപ്പുണ്ട്. ഇതിൽ നിന്നും പശയും ടാനിനും കിട്ടും. തൊലിക്കു ഔഷധഗുണമുണ്ട്.

## വയ്യാങ്കത

ശാസ്തീയനാമം : *ഫ്ളക്കോർഷ്യ ഗംഗോമാസ്*

ഒരു ചെറിയ മരമാണിത്.

**ഉപയോഗ ഭാഗങ്ങൾ:** ബീജം, പശ, തൊലി, പഴം

**ഉപയോഗം:** പഴം നല്ല മധുരമുള്ളതും രുചിയുള്ളതും ആണ്. ഇത് മഞ്ഞപിത്തത്തിനും പ്ലീഹ വീക്കത്തിനും ഉപയോഗിക്കുന്നു. ഇടവിട്ടുണ്ടാകുന്ന ജ്വരത്തിനു തൊലി പൊടിച്ചത് വാക പൊടി ചെർത്തു ദേഹമാസകലം പുരട്ടുവാനുപയോഗിക്കുന്നു. വേറെ ചില മരുന്നുകൾ ചേർത്തു പശ നടപ്പു ദീനത്തിനുപയോഗിക്കുന്നു. ഡെക്കാൻ പ്രദേശത്ത് പ്രസവശേഷം തണുത്ത കാറ്റു തട്ടി വാത സംബന്ധമായ വേദനയുണ്ടാകാതിരിക്കാൻ ബീജം മഞ്ഞൾ കൂട്ടി പൊടിച്ച് ദേഹത്ത് പുരട്ടുന്നു.

## ഇലഞ്ഞി

ശാസ്ര്ത നാമം: *മൈമുസോപ്സ് ഇലഞ്ഞി*

കുടുംബം: സാപ്പോട്ടേസിയേ

ദക്ഷിണേന്ത്യയിലും ശ്രീലങ്കയിലും നിത്യഹരിതവനങ്ങളിൽ വളരുന്ന സുഗന്ധപൂമരമാണ് ഇലഞ്ഞി. ഇത് ഏകദേശം 15 മീറ്റർ ഉയരത്തിൽ വരെ വളരുന്നു. വെള്ളനിറമുള്ള ഇലഞ്ഞിപ്പൂ, വാടും തോറും സുഗന്ധമേറും എന്നാണ് പറയപ്പെടുന്നത്.

**ഉപയോഗഭാഗങ്ങൾ:** തൊലി, പൂവ്, പഴം

**ഉപയോഗങ്ങൾ:** ഇലഞ്ഞിപ്പൂ ശീതളവും മധുരരസമുള്ളതും കഫ, പിത്തങ്ങളെ നശിപ്പിക്കുന്നതുമാണ്. പഴം കഫ- പിത്തഹരവും വാതവർദ്ധകവുമാണ്. വയറടപ്പ് ഉണ്ടാക്കുന്നതും വയറിന് നല്ലതുമാണ്. പൂവിൽ നിന്ന് വാറ്റിയെടുക്കുന്ന ബാഷ്പശീല സുഗന്ധതൈലത്തിന് ഉത്തേജന ഗുണമുണ്ട്. തൊലിക്കഷായം, പല്ലുവേദന, മോണവീക്കം എന്നിവയ്ക്ക് കവിൾക്കൊള്ളുവാൻ വിശേഷമാണ്. നല്ല ഒരു അലങ്കാര വൃക്ഷമായി ഇലഞ്ഞി വീട്ടു മുറ്റത്ത് വളർത്താം.

**കൃഷിരീതി:** ഒക്ടോബർ- നവംബർ മാസങ്ങളിൽ ഓറഞ്ചുനിറത്തിലുള്ള മാംസളപ്പഴം പാകമാകും. ഇതിനുള്ളിലെ ചുവപ്പുനിറത്തിലുള്ള പരന്ന വിത്ത് വെയിലിൽ ഉണക്കി സൂക്ഷിക്കണം. കഴിയുന്നതും താമസിയാതെ 12 മണിക്കൂർ വെള്ളത്തിൽ കുതിർത്ത് വാരങ്ങളിൽ പാകി മുളപ്പിക്കുക. ശേഷം പോളിത്തീൻ കൂടുകളിലേക്ക് മാറ്റി നടണം. നാലുമാസം പ്രായമുള്ള തൈകൾ ഒന്നരയടി സമചതുരത്തിലും ആഴത്തിലും കുഴികളെടുത്ത് 5 കി. ഗ്രാം ചാണകപ്പൊടി ചേർത്ത് പുതുമഴയോടു കൂടി നട്ടു വളർത്താം. കുഴികൾ തമ്മിൽ 15 അടി അകലം വേണം. ജൈവാംശം കൂടുതലുള്ളതും ഈർപ്പമുള്ളതുമായ മണ്ണാണ് അനുയോജ്യം. ഓരോ വർഷവും 10 കി. ഗ്രാം. ജൈവ വളങ്ങൾ ചേർക്കുന്നത് വളർച്ച ത്വരിതപ്പെടുത്തുവാൻ നല്ലതാണ്. 4-)ം വർഷം മുതൽ മാർച്ച് മാസത്തോടെ പൂക്കൾ ഉണ്ടാകാൻ തുടങ്ങും.

**ഔഷധപ്രയോഗങ്ങൾ:** ഇലഞ്ഞിപ്പൂ പാലിലിട്ടു കുറുക്കി സേവിച്ചാൽ അതിസാരം ശമിക്കും ശരീരത്തിനു കുളിർമ്മയും പ്രദാനം ചെയ്യും. പൂ വെള്ളത്തിലിട്ടു പിഴിഞ്ഞെടുക്കുന്ന നീരു കൊണ്ടു നസ്യം ചെയ്താൽ തലവേദന കുറയും. ഇലഞ്ഞിക്കുരു മനുഷ്യമൂത്രത്തിൽ അരച്ചു സേവിക്കുകയും

ദേഹത്തു പുരട്ടുകയും ചെയ്താൽ എലിവിഷം ശമിക്കും. കായുടെ ഉള്ളിലെ മാംസളമായ ഭാഗം വിഷം നശിപ്പിക്കാൻ ശക്തിയുള്ളതും രുചികരവുമാണ്.

## വെള്ളപൈൻ

ശാസ്ത്രനാമം: *വറ്റേരിയ ഇൻഡിക്ക.*

കുടുംബം : ഡിപ്റ്റെറോകാർപേസീയേ

**ആവാസകേന്ദ്രം:** പശ്ചിമ പർവതനിരയിലെ ഉയരം കുറഞ്ഞ മലകളിൽ വളരുന്ന വലിയ മരം. രണ്ടായിരം മി. മീ. മഴ ഉള്ളിടത്തെ ഇതു വളരുകയുള്ളു. നനവാർന്ന നിത്യഹരിതവനങ്ങളാണ് ഇതിന്റെ സങ്കേതം.

**രൂപവിവരണം:** തൊലിനേർത്തതും മിനുസമുള്ളതുമാണ്. തൊലിയിൽ ധാരാളം വെള്ളപ്പൊട്ടുകൾ കാണാം. ജനുവരിയിൽ പുഷ്പിച്ചു തുടങ്ങും. മാർച്ചു വരെ പൂക്കാലമാണ്. പൂവിനു വെള്ള നിറം. മണമുണ്ട്.

**കൃഷിരീതി:** നിത്യഹരിതമാണ്. ചെറുപ്പത്തിൽ തണലിലേ വളരൂ. പിന്നീട് തണൽ വേണമെന്നില്ല. വരൾച്ച അസഹ്യമാണ്. വിത്തിനു നല്ല ഭാരമാണ്. സ്വാഭാവിക പുനരുത്ഭവം തായ് മരത്തിന്റെ ചുവട്ടിൽ തന്നെ കാണുന്നതിന്റെ കാരണമാണിത്. വിത്തുപാകിയോ നഴ്സറി തൈകൾ നട്ടോ തോട്ടമുണ്ടാക്കാം. മുളച്ച വിത്ത് നിശ്ചിത അകലത്തിൽ പാകുകയാണ് ചെലവുകുറഞ്ഞ മാർഗം. മൂന്നു മീറ്റർ അകലത്തിൽ ഒരുക്കിയ സമാന്തര സ്ട്രിപ്പുകളിൽ ഒരു മീറ്റർ ഇടവിട്ടു വിത്തു നടാം. അധികമുള്ള തൈകൾ പിന്നീട് പറിച്ചു മാറ്റാം. മൂന്നോ നാലോ മാസം പ്രായമായ തൈകൾ തോട്ടത്തിൽ നടാം. നേരത്തെ നട്ടു പിടിപ്പിച്ച തണൽ ചെടികളുടെ നിഴലിലോ കാട്ടിലോ വേണം കൃത്രിമ പുനരുൽപാദനം നടത്താൻ.

**ഉപയോഗങ്ങൾ:** തടിയിൽ നിന്ന് വാർണീഷ് ഉണ്ടാക്കാവുന്ന ഓലിയോറസിൻ കിട്ടും. ഇതു ടർപ്പൻന്റൈനിൽ ലയിക്കും. വെളിച്ചെണ്ണ ചേർത്ത് മെഴുകുതിരി ഉണ്ടാക്കാൻ ഇത് ഉപയോഗിക്കാറുണ്ട്. വേനൽ തുടങ്ങുമ്പോൾ മരത്തിൽ തുളയിടുകയോ തീയിട്ടു കരിച്ചോ കറ ശേഖരിക്കാം. കരിഞ്ഞോ മുറിഞ്ഞോ വ്രണപ്പെട്ട തടിയിൽ നിന്നു മൂന്നു നാലു ദിവസം കഴിഞ്ഞാൽ കറ ഒഴുകാൻ തുടങ്ങും. ഈ പ്രവാഹം മൂന്നു നാലു മാസം നീണ്ടു നിൽക്കും വിത്തിൽ നിന്നു കിട്ടുന്ന കൊഴുപ്പ് വിളക്കിലൊഴിക്കാനും നെയ്യിൽ മായമായി ചേർക്കാനും ഉപയോഗിക്കാറുണ്ട്. ഈടും ഉറപ്പും ഇതിനു കുറവാണ്. പ്ലൈവുഡിനും പായ്ക്കിങ്ങ് പെട്ടികൾക്കുമാണ് മുഖ്യമായും ഇത് ഉപയോഗിക്കാറുള്ളത്.

## വഞ്ചി

ശാസ്ത്ത നാമം: *സാലിസ്സ് ടെട്രാസ്പേർമ*

കുടുംബം : സാലിക്കേസിയേ

ഇന്ത്യയിലും ബർമ്മയിലുമുള്ള ഉഷ്ണമേഖലാ വനങ്ങളിൽ വളരുന്ന മരമാണ്. കേരളത്തിൽ നനവാർന്ന നിത്യഹരിതവനങ്ങളിലും അർദ്ധഹരിത വനങ്ങളിലും ഇത് കാണാം. പുഴയോരങ്ങളിലും ചതുപ്പുകളിലുമാണ് കൂടുതലുള്ളത്. ഇല പൊഴിക്കുന്ന പ്രകാശാർത്ഥി മരമാണ്. വരൾച്ച ഹാനികരമാണ്.

**കൃഷിരീതി:** കമ്പു നട്ട് പുതിയ തൈകളുണ്ടാക്കാം.

**ഉപയോഗങ്ങൾ:** ബലമുള്ള തടികൾ കാർഷികോപകരണങ്ങൾ നിർമ്മിക്കാൻ ഉപയോഗിക്കുന്നു.

**ഔഷധഗുണങ്ങൾ:** ഇതിന്റെ വേര് യോനീരോഗം , വിസർപ്പം, അശ്മരി ഇവ ശമിപ്പിക്കുന്നു. തൊലിക്കു ജ്വരഹാരക ഗുണമുണ്ട്.

## പ്ലാവ്

ശാസ്ത്ത നാമം: *ആർട്ടോകാർപ്പസ് ഇന്റഗ്രിഫോളിയ*

കുടുംബം : അർട്ടിക്കേസിയേ

**ആവാസകേന്ദ്രം:** ഇന്ത്യ, ബ്രസീൽ, ബർമ്മ, ശ്രീലങ്ക തുടങ്ങിയ രാജ്യങ്ങളിൽ പ്ലാവ് കണ്ടു വരുന്നു. ഇത് ഒരു നിത്യഹരിത മരമാണ്. ചൂടിലും വളരും. മഞ്ഞും വരൾച്ചയും ഇതിന് ദോഷകരമാണ്. മഴ ധാരാളമുള്ള ഉഷ്ണമേഖലയിലാണ് ഇതു നന്നായി വളരുന്നത്. ഏപ്രിൽ - മെയ് മാസങ്ങളിൽ കായ് വിളഞ്ഞു തുടങ്ങും. വിത്തു നേരിട്ടു പാകുന്നതും ഗ്രാഫ്റ്റുകളുമാണ് ഏറ്റവും നല്ല പുനരുത്പാദന രീതികൾ. 10 മീ അകലത്തിൽ വിത്തു പാകാം. പുതിയ വിത്തേ പാകാവൂ.

**ഉപയോഗങ്ങൾ:** ഫർണീച്ചറും കെട്ടിടഭാഗങ്ങളും ഉണ്ടാക്കാൻ തടി നല്ലതാണ്. ആദ്യം മഞ്ഞനിറമായിരിക്കും പഴകുമ്പോൾ തേക്കിന്റെ നിറമാകും. ഇല നല്ല കന്നുകാലിത്തീറ്റയാണ്. പ്രോട്ടീൻ, കാർബോ ഹൈഡ്രേറ്റ്, കൊഴുപ്പ്, കാത്സ്യം, ഫോസ്ഫറസ് എന്നീ ഘടകങ്ങൾ ചക്കച്ചുളയിലും കുരുവിലും അടങ്ങിയിരിക്കുന്നു.

**ഉപയോഗഭാഗങ്ങൾ:** ചറവും, ഇല, കായ്

**ഔഷധപ്രയോഗങ്ങൾ:** ചറം പിണ്ഡസംബന്ധമായ നീരുകളിലും, കുരുകളിന്മേലും പഴുപ്പിക്കാൻ ഇടുന്നുണ്ട്. കിളുന്നില ത്വക് രോഗങ്ങൾക്ക് പുറമേയ്ക്കും വേരിനെ വയറിളക്കുന്നതിന് അകത്തേക്കും ഉപയോഗിക്കുന്നു. ഇല പാമ്പു കടിച്ച വിഷത്തിനു ഔഷധമായി കരുതുന്നു. പച്ചക്കായ്ക്കു ബന്ധന ഗുണവും പഴുത്തതിന് വിരേചകഗുണവുമുണ്ട്.

## എരിക്ക്

ശാസ്ത്രനാമം: *കാലോട്രോപ്പിസ് ജൈജാൻഷ്യ*

കുടുംബം : അസ്ക്ലിപിയഡേസി യെ

**ഇനങ്ങൾ:** എരിക്ക് 2 തരമുണ്ട്, വെള്ള എരിക്കും ചുവന്ന എരിക്കും

**രൂപവിവരണം:** 1-2.5 മീറ്റർ വരെ ഉയരത്തിൽ ശാഖോപശാഖകളോടു കൂടി വളരുന്ന ഒരു കുറ്റിച്ചെടിയാണ് എരിക്ക്. തണ്ടിന് നല്ല കട്ടിയുണ്ട്. ഇലകൾ ലഘുവായതും കട്ടിയുള്ളതും, പച്ചയും ധൂസര വർണവും കലർന്ന നിറത്തോടുകൂടിയതുമാണ്. ഇലയോ ഞെട്ടോ ഒടിച്ചാലുടൻ വെള്ളക്കറ കാണാം. പൂക്കൾ മണമില്ലാത്തതും ഇളം നീല നിറത്തോടു കൂടിയതുമാണ്. രണ്ടോ മൂന്നോ ഉരുണ്ട ഫലങ്ങൾ കാണാം. അതിൽ അനേകം വിത്തുകൾ കാണും. വിത്തുകൾക്ക് സിൽക്കുപോലുള്ള രോമങ്ങൾ ഉണ്ട്. ഇലയുടേയും കറയുടേയും മണം ഛർദ്ദി ഉണ്ടാക്കത്തക്കവിധം അസഹ്യമാണ്.

**ആവാസകേന്ദ്രം:** ഊഷര ഭൂമിയിലും വിജനപ്രദേശങ്ങളിലും ശ്മശാനങ്ങളിലും ഈ ചെടി സാധാരണയായി കണ്ടുവരുന്നു.

**ഉപയോഗങ്ങൾ:** ഈ ചെടിയുടെ വേരിന്മേൽ തൊലിക്ക് ദേഹനീര് വർദ്ധിപ്പിക്കുവാനുള്ള ഗുണവും ത്വക്കുരോഗശമന ഗുണവുമുണ്ട്. അതിനെ ആന്തരാവയവങ്ങളുടെ വീക്കത്തിനും കുടലിലെ കൃമികൾക്കും, ചുമയ്ക്കും, മഹോദരം മുതലായ രോഗങ്ങൾക്കും ഉപയോഗിക്കുന്നു. ഇതിൻെറ പാലിനു കഠിനമായി വയറിളക്കിപ്പിക്കുവാനുള്ള ഗുണവും പൊള്ളിക്കുവാനുള്ള ഗുണവുമുണ്ട്. പുഷ്പത്തിനെ ചുമയ്ക്കും ഏങ്ങലിനും, നീരിളക്കത്തിനും, രുചിക്ഷയത്തിനും ഉപയോഗിക്കുന്നു. ഈ ചെടിയുടെ ഇലയെ ആവി പോകാതെ വായ്ക്കെട്ടിയ പാത്രത്തിൽ കല്ലുപ്പു കൂട്ടി വറുത്തു കിട്ടുന്ന ചാരത്തെ തൈരും കൂട്ടി മഹോദരത്തിനും ആമാശയമാദിയായ ആന്തരാവയവങ്ങളുടെ വീക്കത്തിനും കൊടുക്കുവാൻ നല്ലതാണ്. വേരിന്മേൽ തൊലിയെ പുളിച്ച കഞ്ഞി കൂട്ടി അരച്ചതിനെ മന്തിനും, വൃഷണ വീക്കത്തിനും പുരട്ടുവാൻ നല്ലതാകുന്നു. എരിക്കിൻ പാലിനെ പുഴുതിന്ന പല്ലുകളിന്മേൽ വേദനശമനത്തിനു പുരട്ടുവാനുപയോഗിക്കുന്നു. തലയിലുണ്ടാകുന്ന പുഴുക്കടിയ്ക്കും, മൂലക്കുരുവിനും അത് നല്ലതാണ്. ഈ പാലിൽ തേൻ കൂട്ടി വായ്പുണ്ണിന് പുരട്ടുവാൻ നല്ലതാണ്.

## വഹ്നി/ വന്നി

ശാസ്ത്ര നാമം: *പ്രോസോപ്പിസ് സിനറേറിയ*

കുടുംബം : ഫേബേസിയേ

മുള്ളുള്ളതായ ഒരു സാധാരണ മരം

**ഉപയോഗഭാഗങ്ങൾ:** കായും തൊലിയും

**കൃഷിരീതി:** പുഴയോരത്തും അലൂവിയൽ മണലിലും സ്വാഭാവിക പുനരുത്ഭവം വേണ്ട രീതിയിൽ നടക്കുന്നു. കൃത്രിമ പുനരുത്പാദനത്തിന് ഒരു വയസ്സായ തൈ നട്ടാൽ മതി. ഇതിനു വിത്ത് ഒരു വർഷം മുമ്പ് നഴ്സറി ബഡിലോ നീളം കൂടിയ പോളിത്തീൻ സഞ്ചിയിലോ പാകണം. ഒരു സഞ്ചിയിൽ മൂന്നു വിത്തു പാകാം. അങ്ങനെയെങ്കിൽ 100 സഞ്ചികൾക്ക് അര കി. ഗ്രാം വിത്തു മതി. നഴ്സറി ബഡിൽ വിത്തു പാകി മുളച്ച തൈകൾ ഒരു മാസം കഴിഞ്ഞ് പറിച്ച് പോളിത്തീൻ സഞ്ചികളിലാക്കണം.

**ഉപയോഗം:** തടി കെട്ടിടം, വഞ്ചി മുതലായവയ്ക്കു കൊള്ളാം. പൂവിൽ നിന്ന് മദ്യവും വിത്തിൽ നിന്ന് എണ്ണയും കിട്ടും.

**ഔഷധഗുണങ്ങൾ:** തൊലി വാതത്തിനുപയോഗിക്കുന്നു. പുഷ്പം ഗർഭരക്ഷയ്ക്ക് ഉപയോഗിക്കുന്നു. മുഴുവൻ മരത്തിന്റെ ചാമ്പൽ തിരുമ്മിയാൽ മുടി ഇല്ലാതാകും, ചർമ്മരോഗങ്ങൾ അകറ്റും.

## കടമ്പ്

ശാസ്ത്രനാമം :*ആന്തോസെഫാലസ് ചൈനെൻസിസ്*

കുടുംബം : റൂബിയേസീയെ

**ആവാസകേന്ദ്രം**: വലിയ ഇലകളും തിരശ്ചീന ശാഖകളുമുള്ള വൻമരം. 600 മീ. വരെ ഉയരമുള്ള മലകളിലെ നനവാർന്ന നിത്യഹരിത വനങ്ങളിലും ഇലകൊഴിയും ഈർപ്പവനങ്ങളിലും വളരുന്നു.

**രൂപവിവരണം:** പത്രഫലകത്തിന് 30 സെ.മീ. വീതിയും 10 സെ.മീ. വീതിയും വരും. മെയ് മാസത്തിൽ പൂക്കാലം തുടങ്ങും. പൂക്കൾ ചെറുതാണ്. ഓറഞ്ചിന്റെ നിറം. നേരിയ മണമുണ്ട്. 10-12 മി.മീ. നീളം കാണും. ബാഹ്യ ദളപുടത്തിന് കുഴലിന്റെ ആകൃതി. കായ് സെപ്തംബറോടുകൂടി വിളയുമെങ്കിലും ജനുവരിയിലേ പൊഴിഞ്ഞു വീഴാറുള്ളൂ.

**കൃഷിരീതി:** ജന്തുക്കളാണ് വിത്തു വിതരണം ചെയ്യുന്നത്. വിത്തു വളരെ ചെറുതാണ്. കൃതിമ പുനരുൽപാദനത്തിന് മാർച്ചിൽ വിത്ത് നേഴ്സറിയിലോ അരിച്ച മണ്ണു നിറച്ച പെട്ടിയിലോ പാകണം. മഴപെയ്താൽ വെള്ളം കുത്തി വീഴുന്നതു തടയാനായി ചോരാത്ത പന്തലിടണം. മേയ് മാസത്തിൽ തൈകൾ പോളിത്തീൻ സഞ്ചിയിലേക്കു പറിച്ചു നടണം. നേഴ്സറിത്തൈകൾ നേരിട്ടു തോട്ടത്തിൽ നടുന്നതും ഫലപ്രദമാണ്.

**ഉപയോഗങ്ങൾ:** തടിക്കു മഞ്ഞ കലർന്ന വെള്ള നിറമാണ്. വെള്ളയും കാതലും തിരിച്ചറിയാൻ പ്രയാസമാണ്. സമാന്യം നല്ല ബലവും ഈടുമുണ്ട്. പരുവപ്പെടുത്താൻ പ്രയാസമില്ല. പലകകൾ, പായ്ക്കിംങ്ങ് പെട്ടികൾ, തേയിലപ്പെട്ടി എന്നിവ ഉണ്ടാക്കാനാണ് ഇപ്പോൾ ഉപയോഗിക്കുന്നത്. ഇതു തീപ്പെട്ടിക്കു വളരെ നല്ലതാണ്.

## തേന്മാവ്

ശാസ്ത്ര നാമം: *മാൻജിഫെറ ഇൻഡിക*

കുടുംബം : അനാകാർഡിയേസിയേ

**ആവാസകേന്ദ്രം:** ഇന്ത്യ, ബർമ്മ എന്നിവിടങ്ങളിൽ മാവ് സമൃദ്ധിയായി ഉണ്ടാകുന്നു. പലതരം മാവുകൾ കാണപ്പെടുന്നു. അവയെല്ലാം നിത്യഹരിതമരമാണ്. നല്ല നീർവാർച്ചയുള്ള ഊർവ്വര ഭൂമിയാണ് മാവിനിഷ്ടം. എങ്കിലും ഊഷര ഭൂമിയിലും ഉണ്ടാകും.

**കൃഷിരീതി:** പക്ഷികൾ, അണ്ണാൻ, കുരങ്ങ് മുതലായവയാണ് വിത്ത് വിതരണം ചെയ്യുന്നത്. കഴമ്പുതിന്നിട്ട് അവ ഉപേക്ഷിക്കുന്ന വിത്തു വീണു മുളച്ചാണ് സ്വാഭാവിക പുനരുത്ഭവം നടക്കുന്നത്. കൃത്രിമപുനരുല്പാദനത്തിനു വിത്തു നേരിട്ടു കൃഷിസ്ഥലത്തു പാകിയാൽ മതി. വിത്തു പാകി മുളപ്പിച്ച തൈ വൈകിയേ കായ്ക്കാറുള്ളൂ. ഫലത്തിനു ഗുണവും കുറവായിരിക്കും. നല്ല ഫലങ്ങൾ വേഗം ലഭിക്കാൻ ഒട്ടിക്കൽ/ ഗ്രാഫ്റ്റിംഗ് ആണ് പരക്കെ സ്വീകരിച്ചിട്ടുള്ള മാർഗ്ഗം. മഴക്കാലം ആരംഭിക്കുന്നതോടെ ഒരു വർഷം പ്രായമായ ഒട്ടു തൈകൾ നടാവുന്നതാണ്. നടുന്നതിന് ഒരു മാസം മുമ്പ് കുഴികൾ തയ്യാറാക്കണം. 1 മീ. വീതം നീളവും, വീതിയും, ആഴവുമുള്ള കുഴികൾ 9 മീ. അകലത്തിൽ തയ്യാറാക്കുക. നടുന്നതിന് മുമ്പ് 10 കി.ഗ്രാം കാലിവളമോ കമ്പോസ്റ്റോ മേൽമണ്ണുമായി ചേർത്ത് കുഴികൾ നിറക്കുക. തൈകൾ വൈകുന്നേരം കുഴികളിൽ മാറ്റി നടുന്നതാണ് ഉത്തമം. ഒട്ടുതൈകൾ പോളിത്തീൻ കവറിൽ നട്ടിരുന്ന അതേ ആഴത്തിൽ തന്നെ കുഴികളിൽ നടുവാൻ ശ്രദ്ധിക്കണം. നട്ട തൈകൾക്ക് കമ്പു

കൂട്ടിക്കെട്ടി താങ്ങു കൊടുക്കേണ്ടതാവശ്യമാണ്. നാലഞ്ചു വർഷം പ്രായമാകുന്നതു വരെ വേനൽക്കാലത്ത് ആഴ്ചയിൽ രണ്ടു പ്രാവശ്യം ജലസേചനം നടത്തണം. ജൂൺ മാസത്തിലും ഒക്ടോബർ മാസത്തിലും ഓരോ തവണ വീതം കിളച്ച് ഇടയിളക്കണം.

**ഉപയോഗം :** തടിക്ക് ഈടും ഉറപ്പും കുറവാണ്. പായ്ക്കിംഗ് പെട്ടിക്കും വിറകിനുമാണ് കൂടുതലായി ഉപയോഗിക്കുന്നത്. എങ്കിലും വീടിനും ഫർണീച്ചറിനും പലക ഉപയോഗിക്കാറുണ്ട്.

**ഔഷധപ്രയോഗങ്ങൾ:** മാന്തളിർ കർണ്ണരോഗങ്ങൾക്കും ഉഷ്ണപ്പുണ്ണിനുമുള്ള മരുന്നാണ്. മാന്തളിർ പിഴിഞ്ഞു നീരെടുത്ത് എണ്ണ ചേർത്തു കാച്ചി ചെവിയിൽ ഒഴിച്ചാൽ കർണ്ണസ്രാവം ശമിക്കും. ശരീരം മുഴുവൻ വേദനയുള്ളവർ പഴുത്ത മാവിലയിട്ടു വെന്തവെള്ളത്തിൽ കുളിച്ചാൽ മതി. ക്ഷീണം, മലബന്ധം, വിളർച്ച എന്നിവയ്ക്ക് മാമ്പഴം ഫലപ്രദമായ ആഹാരമാകുന്നു. മുറിവ്, വ്രണം, വ്രണത്തിൽ നിന്നുള്ള രക്തസ്രാവം എന്നിവയ്ക്ക് മാവിന്റെ തൊലി, പൂവ്, ഇല ഇവയുടെ ചൂർണ്ണം വിതറുന്നത് നല്ലതാണ്. മാങ്ങാത്തൊലി ആമാശയത്തിനു ബലം നൽകുന്നു. കാൽ വിണ്ടു കീറുമ്പോൾ മാങ്ങയുടെ നീര് പുരട്ടുക. മാമ്പൂ പൊടിച്ച് അതിന്റെ പുക അടിച്ചാൽ കൊതുകുകൾ അകലും. അണ്ടിപരിപ്പിന്റെ നീര് നസ്യം ചെയ്താൽ മൂക്കിൽ നിന്നുള്ള രക്തസ്രാവം ശമിക്കും. പരിപ്പിനു കൃമികളെ നശിപ്പിക്കാനുള്ള ശക്തിയുണ്ട്. മാമ്പഴം സപ്തധാതുക്കളേയും പോഷിപ്പിക്കുമെന്ന് എല്ലാ വൈദ്യഗ്രന്ഥങ്ങളിലും പറയുന്നു. ഭക്ഷണം മുഴുവൻ മാറ്റി വച്ചു മാമ്പഴം കൊടുക്കുന്ന ചികിത്സക്ക് ആമ്രകല്പം എന്നു പറയുന്നു. ഇത് ഒരിനം കായകല്പ ചികിത്സാക്രമമാണ്. പാണ്ടുരോഗത്തിനും അതിസാരത്തിനും ഈ ഔഷധപ്രയോഗം നടത്തുന്നു. കൂടാതെ ശരീരത്തിനു നല്ല നിറമുണ്ടാകുകയും ചെയ്യും

## കരിമ്പന

ശാസ്ത്രനാമം*: ബൊറാസ്സസ് ഫ്ളാബെല്ലി ഫോർമിസ്*

കുടുംബം : അരക്കേസീയെ

**രൂപവിവരണം:** തെങ്ങുപോലെ ഒറ്റത്തടിയായി 10-18 മീ. പൊക്കത്തിൽ വളരുന്ന വൃക്ഷം. ആൺ പനകളും പെൺ പനകളും ഉണ്ട്. തടിയുടെ മധ്യഭാഗം മൃദുകോശങ്ങളും നാരുകളും കൊണ്ട് നിറഞ്ഞിരിക്കും. പുറം തടിക്ക് നല്ല ബലവും ഭാരവുമാണ്. ഡിസംബർ-ഏപ്രിൽ ആണ് പൂക്കാലം. ആൺ പൂവും പെൺ പൂവും വെവ്വേറെ മരങ്ങളിൽ ഉണ്ടാകുന്നു. വിടരും മുമ്പ് പൂക്കുല ചെത്തിയാൽ ധാരാളം കള്ള് കിട്ടും. വിളഞ്ഞ കായ് പാകി മുളപ്പിക്കാം. മുളയ്ക്കാൻ 10-12 ആഴ്ച വേണം.

**ഉപയോഗം:** പനകൾ പൊതുവേ വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നവയാണ്. കരിമ്പനയിൽ നിന്ന് കള്ള്, തടി, പുര മേയാനുള്ള ഓല മുതലായവ കിട്ടുന്നു. കുട്ട, തൊപ്പി, വിശറി മുതലായവ ഉണ്ടാക്കാനും ഓല ഉപയോഗിക്കുന്നു. വെയിലിലും പിന്നീട് പുകയിലും ഉണക്കിയാൽ ഓല വളരെക്കാലം കേടുകൂടാതെയിരിക്കും. പൂക്കുല ചെത്തിയെടുക്കുന്ന ഇളം നീര്, നീര എന്നാണറിയപ്പെടുന്നത്. ഇത് നല്ലൊരു പാനീയമാണ്. പുളിച്ചു കഴിഞ്ഞാൽ ഇത് പനങ്കള്ളാകും. പനങ്കള്ളിൽ ചുണ്ണാമ്പു ചേർത്താണ് അക്കാനി ഉണ്ടാക്കുന്നത്. പനങ്കള്ളിൽ നിന്നും ചക്കര, പനം കൽക്കണ്ടം എന്നിവയും ഉണ്ടാക്കാം.

## ഇലുപ്പ

ശാസ്ത്ര നാമം: *മധുക ലോൻജിഫോളിയ*

കുടുംബം : സാപ്പോട്ടേസിയേ

കേരളത്തിലെ നിത്യഹരിത വനങ്ങളിൽ സമൃദ്ധമായി വളരുന്ന ഒരു ഔഷധവൃക്ഷമാണ് ഇലുപ്പ. ഏതാണ്ട് 15 മീറ്റർ വരെ ഉയരത്തിൽ വളരുന്ന ഒരു വൃക്ഷമാണിത്. ഇതിന് അനേകം ശാഖകളും ഉപശാഖകളുമുണ്ട്. മരത്തിന്റെ തൊലിക്ക് കടും ചാരനിറവും തടിക്ക് ചുവപ്പുനിറവുമാണ്. ഇലകൾ കൂടുതലും ശാഖാഗ്രങ്ങളിൽ കൂട്ടമായി കാണപ്പെടുന്നു. അവ അല്പം കട്ടിയുള്ളതും തടിച്ച സിരകളോടു കൂടിയതുമാണ്. അവയിൽ വെള്ള കറയുമുണ്ട്. ഫെബ്രുവരി- മാർച്ചിൽ പൂക്കുന്നു. പൂക്കൾക്ക് നല്ല മധുരമാണ്. മാംസളമായ പുഷ്പങ്ങൾ മങ്ങിയ മഞ്ഞനിറത്തിൽ കാണപ്പെടുന്നു. കായ്കൾക്ക് 2.5 മുതൽ 5 സെ. മീ. വരെ നീളം ഉണ്ട്. ഒരു കായിൽ ഒന്നോ രണ്ടോ വിത്തുകളുണ്ടായിരിക്കും.

**ഉപയോഗഭാഗങ്ങൾ:** തൊലി, പൂവ്, കായ, പശ

**ഔഷധപ്രയോഗങ്ങൾ:** ഇലുപ്പത്തൊലി അരച്ചു ദേഹത്ത് ഉരസി തേച്ചാൽ കുട്ടികൾക്കുണ്ടാകുന്ന ചൊറി ശമിക്കും. തൊലി കൊണ്ടുള്ള കഷായം വാതത്തിന് ഔഷധമായി ഉപയോഗിക്കുന്നു.

വൃഷണവീക്കത്തിനു പൂക്കൾ ഉണക്കി അതിട്ടു തിളപ്പിച്ച വെള്ളം കൊണ്ടു വിയർപ്പിക്കണം. കായിൽ നിന്നെടുക്കുന്ന എണ്ണ ത്വക് രോഗങ്ങൾക്ക് ഫലപ്രദമായ ഒരൗഷധമാണ്. വാതരോഗത്തിനും ഇത് വളരെ നല്ലതാണ്. മാത്രമല്ല, ഇത് തലവേദനക്കു നെറുകയിൽ തേച്ചാൽ ഫലമുണ്ടാകും. ഇലുപ്പപ്പിണ്ണാക്കു തീയിലിട്ടു പുകച്ച് ആ പുകയടിച്ചാൽ എലികളും ക്ഷുദ്രജീവികളും നശിക്കും. പശ വാതരോഗത്തിനുപയോഗിക്കാം.

Aromatic and Medicinal Plants Research Station (AMPRS), Odakkali, Asamannoor P.O., Ernakulam, Kerala, India, PIN-683 549
Tel: 0484-2658221, Fax: 0484-2659881, E-mail: amprs@satyam.net.in, amprskau@gmail.com, Website: http://www.kau.edu